**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1065** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഇരിണാവ് ഡാം പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ കല്യാശ്ശേരി മണ്ഡലത്തിലെ മടക്കര പുഴയിൽ നിർമ്മിച്ച ഇരിണാവ് ഡാം പാലം റെഗുലേറ്റർ മാത്രമായി നിലനിർത്തുകയും ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കുകയും ചെയ്യുന്നതിനായി നടന്നു വരുന്ന പരിശോധനകളുടെ പുരോഗതി വ്യക്തമാക്കാമോ; എന്തെല്ലാം തുടർനടപടികളാണ് ശിപാർശ ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | **കണ്ണൂർ ജില്ലയിൽ 1960-കളിൽ നിർമ്മിതമായ ഇരിണാവ് ഡാമിന്റെ ഷട്ടറുകളും തൂണുകളുടെ വിവിധ ഭാഗങ്ങളും നശിച്ചതിനെ തുടർന്ന് കഴിഞ്ഞ 15 വർഷത്തിലേറെയായി നിർമ്മിതി പൂർണ്ണമായും പ്രവർത്തനരഹിതമാണ്. നിർമ്മിതിയുടെ പുനരുദ്ധാരണ സാധ്യത പരിശോധിക്കുന്നതിന്റെ ഭാഗമായി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) അധികൃതർ പ്രാഥമിക സ്ഥലസന്ദർശനം നടത്തുകയും, ജലവിതാനത്തിനു താഴെയുള്ള ഭാഗങ്ങളുടെ നിലവിലെ അവസ്ഥയും തൂണുകളുടെ ബലപരിശോധനയും ഉൾപ്പെടുന്ന വിശദമായ പര്യവേഷണം നടത്തണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കാലവർഷാവസാനത്തിൽ നടത്തിയ പരിശോധനയിൽ നിർമ്മിതിയുടെ പ്രധാന തൂണുകളുടെ അടിഭാഗത്തെ കല്ലുകൾ വ്യാപകമായി ഇളകിയ നിലയിൽ കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിർമ്മിതിയിൽ മെക്കാനിക്കൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിന്റെ പ്രായോഗികത വിലയിരുത്തുന്നതിനായി ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ പര്യവേഷണം നിർവ്വഹിക്കുന്നതിനുള്ള നടപടികൾ KERI മുഖേന കൈക്കൊള്ളാവുന്നതാണ്. നിർമ്മിതിയുമായി ബന്ധപ്പെട്ട പര്യവേഷണ കണ്ടെത്തലുകളും ശുപാർശകളും അടിസ്ഥാനമാക്കി ഗുണഭോക്തൃ പഞ്ചായത്തുകളുടെ അഭിപ്രായം കൂടി തേടി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ